**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 555 — 01.12.2015-ലെ മറുപടിയ്ക്ക്

# കൺസ്യൂമർഫെഡിൽ നടന്നതായ ക്രമക്കേടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡിൽ നടന്നതായ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ രജിസ്ട്രാർ നിയമാനുസൃതം നടത്തിയ നടപടികൾ എന്തെല്ലാമാണ്; അന്വേഷണത്തിന് ഉത്തരവിടുകയുണ്ടായെങ്കിൽ എപ്പോഴാണെന്നും അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കുമോ; ഭരണ സമിതിയെ പിരിച്ച് വിടാൻ നടപടി സ്വീകരിക്കുകയുണ്ടായെങ്കിൽ കാരണം വെളിപ്പെടുത്തുമോ; | (എ) | കൺസ്യൂമർ ഫെഡിൽ നടന്നതായ ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് 25.9.15 ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവിടുകയും അന്വേഷണം നടന്നു വരികയുമാണ്. കേരള സഹകരണ സംഘം നിയമം, ചട്ടം, ബൈലോ വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായ ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ നിയമ വ്യവസ്ഥ പ്രകാരം നിലവിലുള്ള ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയുമാണുണ്ടായത്. |
| (ബി) | കൺസ്യൂമർഫെഡിന്റെ തന്നെ ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ടും, വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സഹകരണ രജിസ്ട്രാറും, | (ബി) | സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ വിജിലൻസ് വിഭാഗത്തിലെയും ഇൻസ്പെക്ഷൻ സെല്ലിലെയും ഡെപ്യൂട്ടി രജിസ്ട്രാർമാരെ കൺസ്യൂമർ ഫെഡറേഷനിൽ പരിശോധന നടത്തുന്നതിനായി സഹകരണ |

| | | | |
|---|---|---|---|
| | സർക്കാറും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | സംഘം രജിസ്ട്രാർ നിയോഗിക്കുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷനിൽ കണ്ടെത്തിയ ന്യൂനതകൾ ഗുരുതര സ്വഭാവമുള്ളതാകയാൽ കൂടുതൽ വിശദമായ പരിശോധനയ്ക്കായി കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവാകുകയും അപ്രകാരം അന്വേഷണം നടന്നുവരികയുമാണ്. |
| (സി) | ഒരു സഹകരണ സ്ഥാപനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ, റിപ്പോർട്ട് ചെയ്യപ്പെട്ടാൽ രജിസ്ട്രാർ നിയമനാനുസൃതം സ്വീകരിക്കേണ്ടുന്ന നടപടികൾ എന്തെല്ലാമാണ്? | (സി) | ഒരു സഹകരണ സ്ഥാപനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സ്വന്തമായോ, ലിഖിതമായ ഒരു ഉത്തരവിലൂടെ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിലൂടെയോ ആ സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെ സംബന്ധിച്ചും പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ ഉണ്ടെങ്കിൽ ആയവ സംബന്ധിച്ചും സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണമോ, വകുപ്പ് 66 പ്രകാരമുള്ള പരിശോധനയോ നടത്താവുന്നതും ടി അന്വേഷണ/പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ